## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5935 28.03.2018- ൽ മറുപടിയ്ക്ക്

## മാതാപിതാക്കളെ ഉപേക്ഷിക്കുന്ന പ്രവണത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ഷാഫി പറമ്പിൽ. | ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | മാതാപിതാക്കളുടെയും, മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച കേന്ദ്ര നിയമം സംസ്ഥാനത്ത് പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിനുള്ള നടപടി എടുത്തിട്ടുണ്ടോ; | (എ) | മാതാപിതാക്കളുടെയും, മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച കേന്ദ്ര നിയമം 2007 ന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സ.ഉ.(പി)നമ്പർ 38/2009/സാ.നീ.വ. തീയതി 28.8.2009 പ്രകാരം ചട്ടങ്ങൾ രൂപീകരിക്കുകയും പ്രാബല്യത്തിലാക്കുകയും ചെയ്തിട്ടുണ്ട്. ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 21 റവന്യൂ ഡിവിഷണൽ ഓഫീസർമാരെ മെയിന്റനൻസ് ട്രൈബ്യൂണലുകളായി (സംരക്ഷണകോടതികൾ) നിയമിച്ചിട്ടുണ്ട്. പ്രസ്തുത ട്രൈബ്യൂണൽ മുമ്പാകെ വരുന്ന കേസുകളിൽ യഥാസമയം ഹിയറിംഗ് നടത്തി പരാതികൾ പരിഹരിച്ചു വരുന്നു. അതോടൊപ്പം നിരവധിയായ വയോജന പ്രശ്നങ്ങളിൽ ക്രിയാത്മകവും അനുഭാവ പൂർണ്ണവുമായ ഇടപെടലുകൾ നടത്തുന്നതിനായി സംസ്ഥാന ചട്ടങ്ങൾ 2009 പ്രകാരം സംസ്ഥാന വയോജന കൗൺസിലും അനുബന്ധമായി ജില്ലാ കമ്മറ്റികളും പ്രവർത്തിച്ചു വരുന്നു. കൂടാതെ മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ കൺസീലിയേഷൻ ഓഫീസർമാരുടെ പാനൽ രൂപീകരിക്കുകയും ടി പാനൽ മുഖേന അനുരഞ്ജനത്തിലൂടെ മാതാപിതാക്കളും മക്കളും തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിന് ശ്രമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | മാതാപിതാക്കളെ സംരക്ഷിക്കാതെ അവരെ അനാഥാലയത്തിലും അമ്പലപ്പറമ്പുകളിലും ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ച് വരുന്നുണ്ടോ; ഇതിനെതിരെ എന്തെങ്കിലും ബോധവത്ക്കരണ നടപടികൾ സർക്കാർ തലത്തിൽ നടത്തുന്നുണ്ടോ; | (ബി) | മാതാപിതാക്കളെ സംരക്ഷിക്കാതെ അവരെ അനാഥാലയത്തിലും അമ്പലപ്പറമ്പുകളിലും ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിൽ, ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർ അദ്ധ്യക്ഷനായ മെയിന്റനൻസ് ട്രൈബ്യൂണലുകൾ വഴി ഉടൻ പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. വയോജന സംരക്ഷണ നിയമം, നിരവധിയായ വയോജന പ്രശ്നങ്ങൾ, അവർക്കെതിരേയുള്ള അതിക്രമങ്ങൾ എന്നിവ സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവത്ക്കരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ വകുപ്പ് മുഖാന്തിരം നടത്തി വരുന്നുണ്ട്. |
| (സി) | ഇത്തരത്തിൽ ഉപേക്ഷിക്കുന്നവരെ സംരക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും സംരക്ഷണ ഭവനങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | സമൂഹത്തിൽ ഒറ്റപ്പെട്ടു പോകുന്നവരേയും ഉപേക്ഷിക്കപ്പെടുന്നവരേയും സംരക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലുമായി ആവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ 16 വൃദ്ധസദനങ്ങൾ സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വകുപ്പിനു കീഴിലെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷനോടുകൂടി, മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സംസ്ഥാനത്തുടനീളം 615 സ്വകാര്യ വൃദ്ധസദനങ്ങളും പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ